പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5383 — 04.07.2013 ലെ മറുപടിയ്ക്ക്

കാരുണ്യ സഹായ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കാരുണ്യ സഹായ പദ്ധതിയിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ; | (എ) | മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത വാർഷിക വരുമാനമുള്ള ബി.പി.എൽ/എ.പി.എൽ കുടുംബങ്ങളിലുള്ളവരും, സർക്കാർ ആശുപത്രികളിലും കാരുണ്യ ബെനവലന്റ് ഫണ്ട്പദ്ധതി പ്രകാരം അക്രെഡിറ്റ് ചെയ്തിട്ടുള്ള സർക്കാരിതര ആശുപത്രികളിലും ചികിത്സ തേടുന്നവർക്കുമാണ് ഈ പദ്ധതിയിൽ നിന്നും ചികിത്സാ ധനസഹായം ലഭിക്കുന്നത്. |
| (ബി) | ഏതെല്ലാം രോഗങ്ങൾക്കാണ് പ്രസ്തുത പദ്ധതിയിൽനിന്നും ആനുകൂല്യം ലഭിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയ്ക്കുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലീയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്ക് ചികിത്സാ ധനസഹായം ലഭിക്കും. |
| (സി) | പ്രസ്തുത സ്കീമിൽ നിന്നും ലഭിക്കുന്ന പരമാവധി സാമ്പത്തിക സഹായം എത്രരൂപയാണെന്ന് അറിയിക്കുമോ? | (സി) | ഒരു കുടുംബത്തിന് പരമാവധി രണ്ട് ലക്ഷം രൂപയാണ് ചികിത്സാ ധനസഹായം നൽകുന്നത്. ഒരു കുടുംബത്തിൽ ഒന്നിലധികം ഹീമോഫീലിയ രോഗികൾ ഉണ്ടെങ്കിൽ ഓരോ രോഗിക്കും രണ്ടു ലക്ഷം രൂപവരെ ധനസഹായം ലഭിക്കും. |

സെക്ഷൻ ഓഫീസർ.